ലോ-ടെൻഷൻ, ഹൈ-ടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾ

7 [1904] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2004-ലെ കണക്കനുസരിച്ച് കെ. എസ്. ഇ. ബി. യിലുള്ള മൊത്തം കൺസ്യൂമേഴ്സ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ലോ-ടെൻഷൻ, ഹൈ-ടെൻഷൻ കൺസ്യൂമർമാർ എത്ര വീതമുണ്ട്;

(സി) ലോ- ടെൻഷൻ കൺസ്യൂമർമാരിൽ 3 എച്ച്. പി. യിൽ കൂടുതൽ കണക്ടഡ് ലോഡുള്ള ഇൻഡസ്ട്രിയൽ പവർ കൺസ്യൂമർമാരും അഗ്രിക്കൾച്ചറൽ കൺസ്യൂമർമാരും എത്ര വീതമുണ്ടെന്ന് വിശദമാക്കാമോ;

(ഡി) 3 എച്ച്. പി. വരെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളിൽ നഗരപ്രദേശത്തും, ഗ്രാമപ്രദേശത്തും ഉള്ളവരെത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 76,25,755.

(ബി) 76,23,833 ലോ-ടെൻഷൻ കൺസ്യൂമേഴ്സും 1922 ഹൈ-ടെൻഷൻ കൺസ്യൂമേഴ്സും ഉണ്ട്.

(സി) ലോടെൻഷൻ കൺസ്യൂമേഴ്സിൽ 3 എച്ച്. പി.യിൽ കൂടുതൽ കണക്ടഡ് ലോഡുള്ള 102694 ഇൻഡസ്ട്രിയൽ കൺസ്യൂമേഴ്സും 154764 അഗ്രികൾച്ചറൽ കൺസ്യൂമേഴ്സുമുണ്ട്.

(ഡി) നഗരപ്രദേശത്തുള്ളവർ—2260310

ഗ്രാമപ്രദേശത്തുള്ളവർ—2093390

കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും റിലേഷണൽ മാനേജ്മെന്റ് സിസ്റ്റവും വാങ്ങുവാൻ ആഗോള ടെണ്ടർ

8 [1905] ശ്രീ. ടി. കെ. ബാലൻ :
,, വി. കെ. ചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ എൽ. ടി. ബില്ലിംഗ്, കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും റിലേഷണൽ മാനേജ്മെന്റ് സിസ്റ്റവും (ആർ. ഡി. ബി. എം.) വാങ്ങുവാൻ ആഗോള ടെണ്ടർ ക്ഷണിച്ചിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly